THE SYRO- MALANKARA CATHOLIC CHURCH

MORAN MOR BASELIOS CARDINAL CLEEMIS
Major Archbishop-Catholicos

Major Archiepiscopal Curia
Catholicate Centre
Pattom, Trivandrum-695004

Prot No CCL 1/2014

02.01.2014

# സർക്കുലർ

## കാതോലിക്കാദിനം–2014

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

2014 ഫെബ്രുവരി 2–ാം തീയതി കാതോലിക്കാദിനമായി നമ്മുടെ സഭ ആചരിക്കുകയാണ്. പൗരോഹിത്യ ശുശ്രൂഷയിലൂടെ നമ്മുടെ സഭയെ നയിക്കുന്ന ദൈവത്തിനു നമുക്ക് നന്ദി പറയാം. 2005 ഫെബ്രുവരി 10–ാം തീയതി നമ്മുടെ സഭ മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ സഭയായി ഉയർത്തപ്പെട്ടതിനുശേഷം 9–ാം കാതോലിക്കാദിനമാണ് നാം ആചരിക്കുന്നത്.

കാലത്തിന്റെ അടയാളങ്ങൾ നമുക്ക് ശ്രദ്ധിക്കാം. ഈ കാലയളവിന്റെ പ്രത്യേക ആഹ്വാനം നമുക്ക് ചെവികൊള്ളാം. *പോർത്താ ഫീദെയ്* (Porta Fidei) അഥവാ ‘വിശ്വാസത്തിന്റെ വാതിൽ’ എന്ന അപ്പസ്തോലിക ആഹ്വാനത്തിലൂടെയാണ് പരി. ബനഡിക്ട് പതിനാറാമൻ മാർപാപ്പാ സഭയിൽ വിശ്വാസവത്സരം ഉദ്ഘാടനം ചെയ്തത്. വിശ്വാസവർഷം പുരോഗമിക്കുമ്പോഴാണ് ഇപ്പോഴത്തെ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പായെ ക്രിസ്തുവിന്റെ വികാരിയായി നമുക്ക് ലഭിച്ചത്. തന്റെ മുൻഗാമിയുടെ ചിന്തകൾ സ്വാംശീകരിച്ചുകൊ് *ലൂമെൻ ഫീദേയ്* അഥവാ ‘വിശ്വാസത്തിന്റെ വെളിച്ചം’ എന്ന ചാക്രികലേഖനം നമുക്ക് നൽകി. *ഇവാഞ്ചലീ ഗൗദിയും* (Evangelii Gaudium) അഥവാ ‘സുവിശേഷത്തിന്റെ സന്തോഷം’ എന്ന അപ്പസ്തോലിക ആഹ്വാനത്തിലൂടെ സുവിശേഷ മൂല്യങ്ങൾ ജീവിക്കുവാനും പ്രഘോഷിക്കുവാനുമുള്ള ആഹ്വാനം പരി. മാർപാപ്പാ നൽകികൊ് വിശ്വാസവർഷം സമാപിച്ചു.

‘സുവിശേഷത്തിന്റെ സന്തോഷം’ എന്ന ആഹ്വാനത്തിലെ പരി.ഫ്രാൻസിസ് മാർപ്പാപ്പായുടെ വാക്കുകൾ നാം കാതോലിക്കാദിനം ആചരിക്കുന്ന ഈയവസരത്തിൽ നമുക്ക് ഓർക്കാം: “തെരുവിലേക്കിറങ്ങിയതിനാൽ മുറിവേറ്റു ക്ഷീണിച്ച അഴുക്കുപറ്റിയ സഭയെയാണ് സ്വന്തം സുരക്ഷയെ കെട്ടിപിടിച്ചിരിക്കുന്ന ദുർബലയാകുന്ന സഭയേക്കാൾ ഞാൻ ഇഷ്ടപ്പെടുന്നത്” (നമ്പർ 49). സഭയ്ക്കുപുറത്തുള്ള ജീവിതയാഥാർത്ഥ്യങ്ങളോട് ക്രിയാത്മകമായി പ്രതികരിച്ചുകൊ് സുവിശേഷമൂല്യങ്ങൾക്ക് സാക്ഷ്യം നൽകുവാൻ പരി. പിതാവ് നമ്മെ ആഹ്വാനം ചെയ്യുകയാണ്.

കാതോലിക്കാദിനം ആചരിക്കുന്ന ഈയവസരത്തിൽ സുവിശേഷമൂല്യങ്ങൾക്കുവേിയുള്ള നമ്മുടെ സമർപ്പണം നവീകരിക്കാം. സുവിശേഷം പ്രഘോഷിക്കുവാനും സർവോപരി ജീവിതമാതൃകയിലൂടെ സാക്ഷ്യം നൽകുന്നതി

നുമുള്ള സമർപ്പണം നമുക്ക് നവീകരിക്കാം. ഈ പശ്ചാത്തലത്തിൽ വചനാധിഷ്ഠിതവും ആരാധനാജീവിതത്തിലധിഷ്ഠിതവുമായ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ആദ്ധ്യാത്മികത മൗലികമായി ജീവിച്ചുകൊ് സുവിശേഷം പ്രഘോഷിക്കുന്നതിനായി രൂപംകൊുവരുന്ന സുവിശേഷസംഘത്തെ ശക്തീകരിക്കാൻ ഞാൻ പ്രത്യേകം ആഹ്വാനം ചെയ്യുന്നു.

നമ്മുടെ സഭയുടെ കേന്ദ്ര കാര്യാലയമായ മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ കൂരിയായിലൂടെ സമന്വയിപ്പിക്കപ്പെടുന്ന സഭയുടെ ഭരണപരവും അപ്പസ്തോലികമായ ശുശ്രൂഷകളെ ഉദാരമായ സ്തോത്രകാഴ്ചകളിലൂടെ സഹായിക്കുവാനുള്ള ഒരവസരംകൂടിയാണ് കാതോലിക്കാദിനം. ഈ നിയോഗത്തിൽ സ്തോത്രകാഴ്ച നൽകുന്ന പതിവ് ഈയടുത്തകാലത്താണല്ലോ നാം ആരംഭിച്ചത്. ആയതിനാൽ നമ്മുടെ സഭാത്മകബോധത്തിൽ ഇത് ആഴപ്പെടേതു്. ഈ വർഷം കാതോലിക്കാദിനത്തിലെ വിശുദ്ധ കുർബാനയുടെ അവസരത്തിലുള്ള സ്തോത്രകാഴ്ചയിലൂടെ ഇടവകകൾ ഇതിൽ പങ്കുചേരുന്നതിനുപുറമേ നമ്മുടെ എല്ലാ സ്ഥാപനങ്ങളും സന്യാസസമൂഹങ്ങളും അവയുടെ പ്രോവിൻസുകളും ഉൾചേരേതാണ്. ഇതിനായുള്ള കത്തുകൾ എല്ലാവർക്കും ലഭിക്കുന്നതാണ്. കഴിഞ്ഞവർഷം സ്തോത്രകാഴ്ച നൽകുന്നതിനായി നമ്മുടെ എല്ലാ ഇടവകകളിലൂടെയും എല്ലാ ഭവനങ്ങളിലും ഒരു കവർ എത്തിച്ചിരുന്നു. വളരെ ചെറിയ ഒരു സംഖ്യ മാത്രമേ ഇതിലൂടെ സമാഹരിക്കുവാൻ നമുക്ക് കഴിഞ്ഞുള്ളൂ. സഭയുടെ പൊതുആവശ്യങ്ങളിൽ കുറേകൂടി ആഴമായ ഒരു സമർപ്പണം ആവശ്യമുന്നാണ് ഇത് കാണിക്കുന്നത്. നമ്മുടെ സഭയുടെ പ്രത്യേകനിയമപ്രകാരം നമ്മുടെ ഇടവകകളിൽനിന്നുള്ള കാതോലിക്കാദിന സ്തോത്രകാഴ്ചകൾ ഭദ്രാസന/എക്സാർക്കേറ്റ്/ETRI കേന്ദ്രങ്ങളിൽ എത്തിക്കേതാണ്. 2014 മാർച്ച് മാസം 10 മുതൽ 14 വരെ സമ്മേളിക്കുന്ന പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസിൽ അഭിവന്ദ്യ പിതാക്കന്മാർ ഈ സ്തോത്രകാഴ്ച നല്കുന്നതുമാണ്.

നമ്മുടെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും കാതോലിക്കാദിനത്തിൽ കാതോലിക്കേറ്റ് പതാക ഉയർത്തുകയും കാതോലിക്കാദിന പ്രതിജ്ഞ ചൊല്ലുകയും ചെയ്യണമെന്ന് എല്ലാ ബഹു. വൈദികരെയും ഞാൻ ഓർമ്മിപ്പിക്കുന്നു.

ഈ ദിനത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നമ്മുടെ സഭയുടെ അപ്പസ്തോലിക ശുശ്രൂഷ നിർവഹിക്കുന്ന എല്ലാ പിതാക്കന്മാരേയും ബഹു. വൈദികരെയും സന്യസ്തരെയും വിശ്വാസികളെയും കൃതജ്ഞതാപൂർവം അനുസ്മരിക്കുന്നു. ദൈവം തന്റെ കരുണയും അനുഗ്രഹങ്ങളും നിങ്ങൾ ഓരോരുത്തരുടെമേലും വർഷിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി

+Baselios Cleemis

**✠ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ്**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കാബാവാ

N.B.: ഈ സർക്കുലർ 2014 ഫെബ്രുവരി 2-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്